## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1424 　　　　03-12-2018 -ൽ മറുപടിക്ക്

### പ്രളയസാധ്യത സംബന്ധിച്ച മുന്നറിയിപ്പ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അനിൽ അക്കര**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. വി.ടി.ബൽറാം**<br>**ശ്രീ. കെ.സി.ജോസഫ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രളയം ദുരന്തം വിതച്ച ആദ്യ ദിനമായ 2018 ഓഗസ്റ്റ്-8 ന് മുൻപേതന്നെ റവന്യൂ അധികൃതർക്ക് ഏതെങ്കിലും സംഘടനകൾ പ്രളയസാധ്യത സംബന്ധിച്ച മുന്നറിയിപ്പ് നൽകിയിരുന്നോ; | എ) & (ബി | 02/08/2018 മുതൽ അതിശക്തമായ മഴ സംബന്ധിച്ച മുന്നറിയിപ്പ് കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 28/07/2018 മുതൽ വെള്ളപ്പൊക്കം സംബന്ധിച്ച മുന്നറിയിപ്പുകൾ പുറപ്പെടുവിച്ച് തുടങ്ങി. അതിശക്തമായ മഴ സംബന്ധിച്ച മുന്നറിയിപ്പ് 07/08/2018 ന് പുറപ്പെടുവിച്ചു. 08/08/2018 ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ച പ്രത്യേക മഴ ബുള്ളറ്റിൻ പരിഗണിച്ച് പ്രളയ-ഉരുൾപൊട്ടൽ സംബന്ധിച്ച പ്രത്യേക നടപടിക്രമങ്ങൾ പുറപ്പെടുവിച്ചു |
| ബി) | ഉണ്ടെങ്കിൽ ഏതൊക്കെ സംഘടനകളാണ് മുന്നറിയിപ്പുകൾ നൽകിയത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| സി) | ചാലക്കുടി പുഴയിലെ പ്രളയ സാധ്യത സംബന്ധിച്ച് ചാലക്കുടി സംരക്ഷണ സമിതി റവന്യൂ മന്ത്രിക്ക് കത്ത് നൽകിയിരുന്നോ; പ്രസ്തുത കത്തിലെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | സി) & ഡി) | ചാലക്കുടി പുഴയിലെ പ്രളയ സാധ്യത സംബന്ധിച്ച് ചാലക്കുടി സംരക്ഷണ സമിതി ബഹു.റവന്യൂ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 05/08/2018 തീയതിയിലെ കത്ത്, പ്രളയത്തിനു വളരെ നാൾക്കു ശേഷം, ഒക്ടോബർ അവസാന വാരമാണ് (27/10/2018) ഈ വകുപ്പിൽ ലഭ്യമായിട്ടുള്ളത്. ആയതിനാൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഇത്തരം ദുരന്ത സാധ്യത കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സത്വരമായി സ്വീകരിക്കുവാൻ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | ഈ മുന്നറിയിപ്പ് അവഗണിക്കാനുണ്ടായ കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| ഇ) | സർക്കാരിന് ലഭിക്കുന്ന മുന്നറിയിപ്പുകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ മുൻകരുതലുകൾ സ്വീകരിച്ചിരുന്നുവെങ്കിൽ നാശനഷ്ടങ്ങളുടെ തോത് കുറയ്ക്കാൻ സാധിക്കുമായിരുന്നോ; വിശദമാക്കുമോ? | | ലഭ്യമായ മുന്നറിയിപ്പുകൾ പരിഗണിച്ച്, പ്രസ്തുത മുന്നറിയിപ്പിൽ ലഭ്യമായ തീവ്രതാ വിവരം പരിഗണിച്ച് അംഗീകൃത സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്.മുന്നറിയിപ്പുകൾ ലഭ്യമായ ഉടൻ തന്നെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ എല്ലാ വകുപ്പുകളും പൊതുജനങ്ങൾ സന്നദ്ധസംഘടനകൾ എന്നിവരുമായി ചേർന്ന് നടത്തിയിട്ടുണ്ട്. ഇത് മൂലം ഒരളവ് വരെ നാശനഷ്ടങ്ങളുടെ തോത് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ